# അക്കാദമിക മാസ്റ്റർ പ്ലാൻ

## മിടാവിലോട് വെസ്റ്റ് എൽ.പി.സ്കൂൾ

**ചക്കരക്കൽ, മാമ്പ.പി.ഒ., 670611**

**ഫോൺ : 04972852531**



**2025**

# അടിസ്ഥാനവിവരങ്ങൾ

| | | |
|---|---|---|
| ❖ വിദ്യാലയത്തിന്റെ പേര് | : | മിടാവിലോട് വെസ്റ്റ് എൽ.പി.സ്കൂൾ |
| ❖ വിലാസം | : | ചക്കരക്കൽ, മാമ്പ.പി.ഒ.670611 |
| ❖ ഫോൺ | : | 04972852531 |
| ❖ സ്കൂൾ കോഡ് | : | 13345 |
| ❖ വിദ്യാഭ്യാസ ഉപജില്ല | : | കണ്ണൂർ നോർത്ത് |
| ❖ വിദ്യാഭ്യാസ ജില്ല | : | കണ്ണൂർ |
| ❖ റവന്യൂജില്ല | : | കണ്ണൂർ |
| ❖ ബി.ആർ.സി | : | കണ്ണൂർ നോർത്ത് |
| ❖ സി.ആർ.സി | : | ജി.എച്ച്.എസ്.എസ്.ചാല |
| ❖ ഗ്രാമപഞ്ചായത്ത് | : | ചെമ്പിലോട് |
| ❖ ബ്ലോക്ക് പഞ്ചായത്ത് | : | എടക്കാട് |
| ❖ ജില്ലാ പഞ്ചായത്ത് | : | കണ്ണൂർ |
| ❖ വില്ലേജ് | : | ഇരിവേരി |
| ❖ താലൂക്ക് | : | കണ്ണൂർ |
| ❖ സ്കൂൾ മെയിൽ | : | mitavilodewestlps@gmail.com |

# ആമുഖം

അനുദിനം പുരോഗതിയിലേക്ക് കുതിച്ചുകൊണ്ടിരിക്കുന്ന ചക്കരക്കൽ പട്ടണത്തിന്റെ ഹൃദയഭാഗത്തി അഞ്ചരക്കണ്ടി റോഡരികിലാണ് മിടാവിലോട് വെസ്റ്റ് എൽ.പി.സ്കൂൾ സ്ഥിതി ചെയ്യുന്നത്. 1925 ൽ സ്ഥാപിതമായ ഈ വിദ്യാലയത്തിന് 1928 ലാണ് അംഗീകാരം ലഭിച്ചത് ശ്രീ.ആലന്തോട്ട് കുഞ്ഞിരാമൻ നമ്പ്യാരായിരുന്നു ആ സമയത്ത് വിദ്യാലയത്തിന്റെ മാനേജർ.

1930 – ൽ ഈ വിദ്യാലയത്തിൽ അഞ്ച് അധ്യാപകർ ജോലി ചെയ്തിരുന്നു. 1980 കാലഘട്ടത്തിൽ 200 ലേറെ വിദ്യാർത്ഥികൾ ഇവിടെ പഠിച്ചിരുന്നു. 1979 വരെ ഓല മേഞ്ഞ കെട്ടിടമായിരുന്നു. പിന്നീട് ഓട് മേഞ്ഞ പുതിയ ഒരു കെട്ടിടം കൂടി പണിയുകയുണ്ടായി. ക്രമേണ ഓല മേഞ്ഞ കെട്ടിടങ്ങൾ ഓടിട്ടതാക്കി മാറ്റി.

ആദ്യകാലം മുതൽക്കുതന്നെ പ്രഗൽഭരായ അധ്യാപകരുടെ സേവനം ഈ സ്കൂളിന്റെ യശസ്സ് ഉയർത്തിപ്പിടിക്കാൻ സഹായിച്ചു. ശ്രീമതി.ജി.ഒ.രാധാമണിയാണ് സ്കൂളിന്റെ ഇപ്പോ ഴത്തെ മാനേജർ. ശക്തമായ പി.ടി.എ യുടെ ഇടപെടലുകൾ ആദ്യകാലം മുതൽക്കുതന്നെ ഈ സ്കൂളിന്റെ നാൾക്കുനാളുള്ള പുരോഗതിക്ക് കാരണമായി.

# പൊതു ലക്ഷ്യങ്ങൾ

1. ഓരോ പ്രായത്തിലും കുട്ടി നേടേണ്ട അക്കാദമിക ലക്ഷ്യങ്ങൾ അതാത് ക്ലാസ്സിൽ നിന്നു തന്നെ നേടുന്നുണ്ടെന്ന് ഉറപ്പാക്കൽ
2. നാട്ടറിവുകളെയും, പ്രാദേശിക സാധ്യതകളെയും ഉപയോഗപ്പെടുത്തി പഠനാന്ത രീക്ഷം മാറ്റിയെടുക്കുക.
3. പഠനപ്രവർത്തനങ്ങളെ കുട്ടികളുടെ ദൈനംദിന ജീവിതവുമായി ബന്ധപ്പെടുത്തു ക.
4. മതനിരപേക്ഷ, ജനാധിപത്യമൂല്യങ്ങൾ, ഭരണഘടനാ മൂല്യങ്ങൾ, പാരിസ്ഥിതികാവ ബോധം, ലിംഗാവബോധം വിമർശനാവബോധം എന്നിവ ആർജിക്കുക.
5. തുല്യത, അവസരസമത്വം, ഗുണനേ എന്നിവ ഉറപ്പാക്കുക.
6. കാലാനുസൃതമായി ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തിയുള്ള പഠനാന്തരീക്ഷം ഉറപ്പാക്കുക.
7. രക്ഷിതാക്കളിൽ ഗുണമേന്മ വിദ്യാഭ്യാസത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക.
8. അധ്യാപകരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കാൻ ഉതകും വിധമുള്ള സാഹചര്യം ഉറപ്പാക്കുക.
9. ഓരോ കുട്ടിയുടെയും അഭിരുചികൾ തിരിച്ചറിഞ്ഞ് കൊണ്ട് വ്യത്യസ്തമായ പഠ നാനുഭവങ്ങൾ നൽകിക്കൊണ്ട് പഠനപിന്തുണ ഉറപ്പുവരുത്തുക.
10. കലാപഠനം, പ്രവൃത്തി പഠനം, ആരോഗ്യകായിക വിദ്യാഭ്യാസം എന്നീ മേഖലകൾക്ക് പ്രാധാന്യം കൊടുത്തു കൊണ്ടുള്ള പഠന പ്രവർത്തനങ്ങൾ
11. സാമൂഹിക വൈകാരിക മേഖലകളിൽ കുട്ടികളുടെ വികാസം ഉറപ്പുവരുത്തുക.
12. ക്ലാസുമുതൽ ഹിന്ദി ഭാഷാപഠനം

# അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

1. ഭാഷാശേഷി വികസനം
2. ഗണിതശേഷി വികസനം
3. ഇംഗ്ലീഷ് പഠന പരിപേഷണം
4. ശാസ്ത്രപോഷണ പരിപാടികൾ
5. വായന പിരിപോഷണം
6. ലൈബ്രറി ശാക്തീകരണം
7. ലബോറട്ടറി വികസനം
8. ഫീൽഡ് ട്രിപ്
9. കലാ-കായിക പരിശീലനം
10. ഐ.ടി. പരിശീലനം
11. പി.ടി. എ. സജീവമാക്കൽ
12. സ്കൂൾ പത്രം/മാസിക തയ്യാറാക്കൽ
13. മെഡിക്കൽ ക്യാമ്പ്
14. ഒറിഗാമി ശിൽപശാല
15. ദിനാചരണങ്ങൾ
16. ആരോഗ്യ ശുചിത്വശീലം  വളർത്തൽ
17. രചനാ ശിൽപശാല
18. ബാലസഭ,സാഹിത്യവേദി പ്രവർത്തനങ്ങൾ
19. പൊതുവിജ്ഞാനം
20. പ്രവൃത്തി പരിചയം
21. വ്യക്തിത്വ വികസനം

# പ്രതീക്ഷിത നേട്ടങ്ങൾ

1. മലയാള ഭാഷയിൽ എഴുതുവാനും, വായിക്കുവാനും സർഗാത്മക രചനകളിൽ ഏർപ്പെടാനും എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
2. ഗണിതത്തിൽ ചതുഷ്ക്രിയകൾ, പ്രശ്നാപഗ്രഥനം സംഖ്യാബോധം എന്നീ അടിസ്ഥാന ശയങ്ങൾ ഉറപ്പിക്കുക.
3. ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യാൻ കഴിയുക.
4. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തിയെടുക്കുക.
5. എല്ലാ കുട്ടികളുടെയും കൈയ്യക്ഷരം മികച്ചതാക്കുക.
6. കുട്ടികളിൽ മികച്ച നിരീക്ഷണ പാടവം വളർത്തിയെടുക്കുക
7. പഠനപ്രവർത്തനങ്ങൾക്കാവശ്യമായ ഒറിഗാമി രൂപങ്ങൾ ഉണ്ടാക്കാൻ പ്രാപ്തരാക്കുക.
8. മുഴുവൻ കുട്ടികൾക്കും മികച്ച കായിക പരിശീലനം നൽകുക.
9. കുട്ടികളിൽ ശുചിത്വശീലങ്ങൾ വളർത്തിയെടുക്കുക.
10. എൽ. എസ്. എസ്. ടാലന്റ് സർച്ച്, ശാസ്ത്രോത്സവം, കലോത്സവം എന്നിവയിൽ പങ്കാളിത്തം ഉറപ്പാക്കുകയും വിജയം നേടുകയും ചെയ്യുക.
11. നമ്മുടെ സംസ്കാരത്തനിമയെകുറിച്ച് കുട്ടികളിൽ അവബോധം വളർത്തിയെടുക്കുക.
12. ശിശുസൗഹാർദപരമായ അന്തരീക്ഷത്തിൽ കുട്ടികൾക്ക് മികച്ച പഠനാന്തരീക്ഷം ഒരുക്കുക.
13. കുട്ടികളിൽ മൂല്യബോധ പരിസ്ഥിതി സൗഹൃദ മനോഭാവവും വളർത്തുക.
14. ഹിന്ദി ഭാഷയിൽ എഴുതുവാനും വായിക്കുവാനും കുട്ടികളെ പ്രാപ്തരാക്കുക.

# നിലവിലെ അവസ്ഥ

ഈ സ്കൂളിൽ അഞ്ചാം തരം വരെയുള്ള ക്ലാസ്സുകളാണ് ഉള്ളത്, ഒന്നുമുതൽ അഞ്ച് വരെ ക്ലാസ്സുകളിലായി 72 വിദ്യാർത്ഥികൾ 2025 - 26 അധ്യയന വർഷം ഈ വിദ്യാലയത്തിൽ പഠിക്കുന്നുണ്ട്. പ്രീ-പ്രൈമറിയിൽ 19 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട് പ്രീ- പ്രൈമറി അറബിക് അധ്യാപകർ ഉൾപ്പെടെ 7 അധ്യാപകർ ഈ വിദ്യാലയത്തിൽ ജോലി ചെയ്ത് വരുന്നു. കലാ- കായിക സംസ്കാരിക മണ്ഡലങ്ങളിൽ മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ച വെച്ച് കൊണ്ട് മുന്നേറുന്നു. ഈ വിദ്യാലയത്തിന് ചുറ്റുമായി അഞ്ചോളം അൺ-എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. അത്തരം വിദ്യാലയങ്ങളെ വെല്ലുവിളിച്ച്കൊണ്ട് മികവാർന്ന അക്കാദമിക പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ എണ്ണം ക്രമാനുഗതമായി വർധിപ്പിക്കുവാൻ പി.ടി.എ, അധ്യാപകർ, മറ്റ് ഏജൻസികൾ എന്നിവരുടെ സഹായത്തോടെ സാധിച്ചിട്ടുണ്ട്.

കഴിഞ്ഞ 15 വർഷമായി പി.ടി.എയുടെ സഹകരണത്തോടെ പ്രീപ്രൈമറി ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ നടത്തിവരുന്നു. പ്രീ- പ്രൈമറിയിൽ പ്രവേശനം നേടുന്ന മുഴുവൻ കുട്ടികളെയും ഒന്നാം തരത്തിലേക്ക് ആകർഷിക്കുവാൻ കഴിയുന്നുണ്ട്. കുട്ടികൾക്കാവശ്യമായ എല്ലാ ഭൗതിക സാഹചര്യങ്ങളും ഇന്ന് നമ്മുടെ വിദ്യാലയത്തിനുണ്ട്. മുഴുവൻ ക്ലാസ്സ് മുറികളും വൈദ്യുതീകരിച്ചിട്ടുണ്ട്. ഫാൻ, ട്യൂബ് എന്നിവ ഓരോ ക്ലാസ്സിനുമുണ്ട്. വിശാലമായ ക്ലാസ്സ് മുറികളും, ആവശ്യത്തിന് ഫർണ്ണിച്ചറുകളും, പഠനോപകരണങ്ങളും കളിസ്ഥലവുമുണ്ട്. ഇന്റർലോക്ക് ചെയ്ത മുറ്റവും, ചുറ്റുമതിലും സ്മാർട്ട് ക്ലാസ് മുറികളും, ഐടി ലാബും വിദ്യാലയത്തെ ആകർഷമാക്കുന്നു.

## വിദ്യാലയ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള അനുബന്ധ സംവിധാനങ്ങൾ - നിലവിലെ അവസ്ഥ

| വിഭാഗം | നിലവിലെ അവസ്ഥ |
|---|---|
| എസ്. ആർ. ജി | എല്ലാ ആഴ്ചയിലും വിളിച്ച് ചേർക്കുന്നു. |
| എസ്. എസ്. ജി | 3 മാസത്തിലൊരിക്കൽ വിളിച്ച് ചേർക്കുന്നു |
| പി.ടി.എ<br>എം. പി.ടി.എ<br>ജനറൽ ബോഡി | ആവശ്യമുള്ള സന്ദർഭങ്ങളിൽ വിളിച്ച് ചേർക്കുന്നു. |
| ക്ലാസ് പി.ടി.എ | മാസത്തിൽ ഒരു തവണ വിളിച്ച് ചേർക്കുന്നു |
| സ്കൂൾ വികസന സമിതി | മാസത്തിൽ ഒരു തവണ വിളിച്ചു ചേർക്കുന്നു |
| ലൈബ്രറി | മുഴുവൻ ക്ലാസ്സുകളിലും പ്രത്യേകം ക്ലാസ്സ് ലൈബ്രറികളുണ്ട്. കൂടാതെ ലൈബ്രറി വെള്ളിയാഴ്ച പ്രവർത്തിക്കുന്നു. |
| ക്ലബ് പ്രവർത്തനങ്ങൾ<br>• ഹെൽത്ത് ക്ലബ്<br>• വിദ്യാരംഗംകലാ-സാഹിത്യ വേദി<br>• ഇംഗ്ലീഷ് ക്ലബ്ബ്<br>• സയൻസ് ക്ലബ്ബ്<br>• ഗണിത ക്ലബ്ബ്<br>• അറബിക് ക്ലബ്ബ്<br>• സോഷ്യൽസയൻസ്ക്ലബ്ബ്<br>• സ്പോർട്സ് ക്ലബ്ബ് | ദിനാചരണങ്ങൾ ക്ലബ്ബുകളുടെ നേതൃത്വത്തിൽ നടത്തുന്നു. |

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | ക്ലാസ് | കാലയളവ് | പിന്തുണ/ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| ഭാഷാപരമായപിന്നോക്കാവസ്ഥ പരിപഹരിക്കൽ അടിസ്ഥാന ഭാഷാശേഷി വികസനം<br>അടിസ്ഥാന ഭാഷാശേഷി വികസനം | • പ്രീ-ടെസ്റ്റ്<br>• അക്ഷരംഉറപ്പിക്കൽ<br>• അടയാളംഉറപ്പിക്കൽ<br>• അക്ഷരക്കാർഡ്<br>• പദക്കാർഡ്<br>• പദനിർമ്മാണം<br>• മലയാളത്തിളക്കം<br>• പദകേളി,വാക്യകേളി | 1-5<br>‘‘<br>‘‘<br>‘‘<br>‘‘<br>‘‘<br>‘‘<br>‘‘ | 2 മാസം<br>ഓഗസ്റ്റ് - സെപ്റ്റംബർ | ബി ആർ സി, പിടിഎ അധ്യാപകർ<br>‘‘ | |
| ഭിന്നശേഷിക്കാരായും കുട്ടികളുടെ ഭാഷാവികസനം | • ഭാഷാകേളികൾ | 1-5 | വർഷം മുഴുവൻ | ഭാഷാദ്ധ്യാപിക കമ്പ്യൂട്ടർ അധ്യാപികIED ട്രെയിനർ | |
| വായനാ പരിപോഷണം വ്യത്യസ്ത നിലവാരത്തിലുള്ള കുട്ടികളെമികച്ച വായനക്കാരാക്കി മാറ്റുക,സവിശേഷ വൈഭവമുള്ളരെ വായനയുടെ സൂക്ഷമതലത്തിലേക്ക് നയിക്കുക | • ക്ലാസ് തല സ്ക്കൂൾലൈബ്രറി പ്രവർത്തനങ്ങൾ<br>• പത്രം ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവയുടെ വായന<br>• വായനാക്കൂട്ടം രൂപീകരിച്ച് വായനാനുഭവം പങ്കുവയ്ക്കൽ<br>• വായനാകുറിപ്പ്, വായനാക്കാർഡ്<br>• വാർത്താവിതരണം<br>• ക്വിസ്<br>• വായിച്ച് മനസ്സിലായിയ കാര്യങ്ങൾ ക്കവ്യത്യസ്ത വ്യവ | 1-5<br>2-5<br>‘‘<br>‘‘ | വർഷം മുഴുവൻ<br>വർഷം മുഴുവൻ<br>വർഷം | SSG,PTA പൂർവ്വ വിദ്യാർത്ഥികൾ, ജനപ്രതിനിധികൾ മറ്റ് അഭ്യുദയകാംക്ഷികൾ | PTA |

| | | | | | |
|---|---|---|---|---|---|
| | ഹാര രൂപങ്ങലിലാക്കി അവതരിഷി ക്കുന്നു.<br>• അമ്മവായന ലൈബ്രറി അംഗത്വം<br>• വായനോത്സവം | ‘‘<br>‘‘<br>1-5 | മുഴുവൻ | BRC<br>ഗ്രന്ഥശാല | PTA |
| ലേഖനപരമായ പ്രശ്നങ്ങൾ പരിഹരിച്ച് കുട്ടിയെ മികച്ചഎഴുത്തിലേക്ക് നയിക്കുക | • തെറ്റില്ലാതെ വാക്കുകളും വാക്യങ്ങലും, ലഘുവിതരണങ്ങളും എഴുതിന്നതിനുള്ള പ്രവർത്തനങ്ങൾ.<br>• വ്യത്യസ്തവ്യവഹാര രൂപങ്ങളുമായി ബന്ധപ്പെട്ട രചനകൾ<br>• വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനങ്ങൾ<br>• ഭാഷാ പ്രോജക്ട് | 1-2<br>3-5<br>5 | വർഷം മുഴുവൻ<br>വർഷം മുഴുവൻ<br>വർഷം മുഴുവൻ | ഭാഷാധ്യാപകർ | |
| ഭാഷാപരമായി മികച്ചു നിൽക്കു ന്ന കുട്ടികൾക്ക് സാഹിത്യപരമായി മുന്നേറാനുള്ള അവസരം സൃഷ്ടിക്കൽ | • സ്വതന്ത്രഭാഷണം<br>• സ്വതന്ത്ര രചന<br>• ക്ലാസ് ലൈബ്രറി, സ്ക്കൂൾ ലൈബ്രറി സാധ്യത<br>• പ്രയോജനപ്പെടുത്തൽ<br>• ഐ സി ടി സാധ്യത ഉപയോഗപ്പെടുത്തൽ<br>• സാഹിത്യ സമാജം<br>• രചനാമത്സരങ്ങൾ<br>• മാഗസിൻ നിർമ്മാണം<br>• ദിനാചരണപ്രവർത്തനങ്ങൾ | | വർഷം മുഴുവൻ<br>മാസം തോറും<br>വർഷം മുഴുവൻ | SSG,PTA<br>ഭാഷാധ്യാപകർ | SSG,PTA |

| | | | | | |
|---|---|---|---|---|---|
| ആശയവിനിമയം സ്വതന്ത്ര പ്രതികരണം എന്നിവയ്ക്ക് കുട്ടികളെ പ്രാപ്തരാക്കൽ | • ക്ലാസ് തല പ്രവർത്തനങ്ങൾ<br>• സ്കൂൾ തല മത്സരങ്ങൾ<br>• ക്ലബ്ബ് പ്രവർത്തനങ്ങൾ | | മാസം തോറും | ഭാഷാ ക്ലബ്ബുകൾ<br>**PTA**<br>**SSG** | **PTA** |

## ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | ക്ലാസ് | കാലയളവ് | പിന്തുണ/ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഇംഗ്ലീഷ് അക്ഷര ങ്ങളുടെ സ്ട്രോക്ക് തിരിച്ച റിഞ്ഞുകൊണ്ട് എഴുതുന്നതിനും മുഴുവൻ കുട്ടി കളും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും ശേഷി വികസിപ്പി ക്കുക. | • അക്ഷര ക്കാർഡുകൾ, പദക്കാർഡു കളും , ഉപ യോഗിച്ചു കൊണ്ടുള്ള പ്രവർത്ത നങ്ങൾ<br>• ഹലോ ഇംഗ്ലീഷ് പ്രവർത്തന ങ്ങൾ<br>• കോഴ്സിന് റൈറ്റിംങ്<br>• കമ്മ്യൂണിക്കേ റ്റീവ്<br>• ഇംഗ്ലീഷ് ബാല സഭ<br>• ഇംഗ്ലീഷ് ന്യൂസ് റീഡിംഗ്<br>• ഇംഗ്ലീഷ് ക്ലബ്ബ് പ്രവർത്തന ങ്ങൾ | 1,2,3<br>‘‘<br>3,4,5<br>‘‘<br>‘‘<br>‘‘<br>‘‘ | വർഷം മുഴുവൻ | ഇംഗ്ലീഷ് | പി.ടി.എ<br>**S R G**<br>**S S G** |
| ഇംഗ്ലീഷ് പദസ മ്പത്ത് വർദ്ധിപ്പി ക്കുക നൂതന സന്ദർഭങ്ങളിൽ പ്രയോഗിക്കുക | • **Word – Web**<br>• **Sentence formation**<br>• **sweet words**<br>• **Formation of sentence**<br>• **Pyramid using describing words.** | 1- 5 | വർഷം<br>**P T A** | ഇംഗ്ലീഷ് അദ്ധ്യാപ കർ ബി ആർ. സി | പി.ടി.എ<br>**S R G**<br>**S S G** |

# ഹിന്ദി

| ലക്ഷ്യം | പ്രവർത്തനം | ക്ലാസ് | കാലയളവ് | പിന്തുണ/ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| • ഹിന്ദി ഭാഷയിൽ ആശയവിനിമയം നടത്താനുള്ള കഴിവ് വളർത്തുക<br>• തെറ്റു കൂടാതെ ഹിന്ദി ഭാഷ വായിക്കാനും എഴുതാനും കുട്ടികളെ പ്രാപ്തരാക്കുക | • ഹിന്ദി പഠനാന്തരീക്ഷമുള്ള ക്ലാസ് മുറി<br>• അക്ഷരക്കാർഡ് പദക്കാർഡ്, വാക്യകാർഡ് എന്നിവ ഉപയോഗിച്ചുകൊണ്ടുള്ള അള ഭാഷാ കേളികൾ<br>• സാധ്യത പ്രയോജനപ്പെടുത്തിക്കൊണ്ട് ബാലഗീതം കഥ, സ്ക്രിപ്ഷ് എന്നിവ കാണാനും കേൾക്കാനുമുള്ള അവസരം കേൾക്കാനുമുള്ള അവസരം<br>• ബാലസഭയിൽ കഥ, ബാലഗീതം, റോൾപ്ലേ , സ്ക്രിറ്റ് എന്നിവയുടെ അവതരണം<br>• ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങഅങൾ<br>• വായനാക്കാർഡ് നിർമ്മാണം | 1- 5<br>-<br>1- 5<br>‘‘<br>‘‘<br>‘‘ | ജൂൺ മുതൽ മാർച്ച് വരെ<br>‘‘ | ഹിന്ദി അധ്യാപിക<br>അധ്യാപകർ പി.ടി.എ<br>‘‘ | പി.’ടി.എ<br>‘‘ |

# മേഖല യു.പി. സാമൂഹ്യശാസ്ത്രം - V

| ലക്ഷ്യം | പ്രവർത്തനം | ക്ലാസ് | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ | **അങ്കത്തട്ട് - കളിയിൽ നിന്ന് കാര്യത്തിലേക്ക്** സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | | |
| | **ഓർമ്മച്ചെപ്പ്** അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യകളുപയോഗിച്ച് memory test നടത്തുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | | |
| | | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | | |
| 2. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | **Virtual Field Trip** ICT സാധ്യകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | | |
| 3. ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | **വിദ്യാലയത്തിൽ നിന്ന് അരങ്ങേത്തേക്ക്** ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കേ | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപക | | |

| | | | | | |
|---|---|---|---|---|---|
| | ധിപത്യ രീതിയുടെ അടിസ്ഥാനതലം മനസിലാക്കുന്നു | | | | |
| 4. പ്രകൃതി ദിരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | **പ്രകൃതി താണ്ഡവം നേർക്കാഴ്ച** ഭൂകമ്പം , സുനാമി,കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗനിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | | |
| 5. സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **നന്മയുടെ നുറുങ്ങുവെട്ടം** പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | | |
| 6. വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും | **ചിലന്തിവലയിൽ നിന്ന് കുതിച്ചുച്ചാട്ടം** സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരു | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | | |

| | | | | | |
|---|---|---|---|---|---|
| റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | ടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | | | | |
| 7. സുസ്ഥിര വികസന കാഴ്ച്ചപ്പാട് രൂപപ്പെടുത്തുന്നു. | **കാടെവിടെ മക്കളെ?** **(ഫീൽഡ് ട്രിപ്പ്, സർവ്വേ)** പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | | |
| | **<u>പുതുചക്രവാളത്തിലേക്ക്</u>** സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരിക ലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിഞ്ജാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തര വേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | | |

| | | | | | |
|---|---|---|---|---|---|
| 8. | | | | | |
| 9. | | | | | |

| | | | | | |
|---|---|---|---|---|---|
| നല്ല വായന ക്കാരനാക്കുക | • വായിച്ച ബുക്കുകൾ രേഖപ്പെ ടുത്തിവെക്കു ക | **3,4** | **വർഷം തോറും** | | **SRG** |
| ഭാഷയിലെ ചെറിയ ശൈലികൾ മനസ്സിലാ ക്കാൻ സാധി ക്കുന്നു. | • ചെറിയ ചെറിയ വാർത്തകൾ അറബി പത്രം, പുസ്തകങ്ങൾ എന്നിവ പരിച യപ്പെടു ത്തുകയും അറബിയിൽ അവതരിപ്പി ക്കുകയും ചെയ്യുക | 3,4 | 1 വർഷം | എസ്. എസ്.ജി | **പി.ടി.എ സ്പോൺസർ** |
| ദിനാചരണ ങ്ങൾ | • സ്കൂളിൽ നട ക്കുന്ന ദിനാച രണങ്ങളിൽ അധ്യാപകന്റെ സഹായത്തോ ടെ കുട്ടികൾ ചാർട്ടിൽ പോ സ്റ്റർ നിർമ്മി ക്കുന്നു. നേരത്തെ നിശ്ചയിച്ചത നുസരിച്ച് ഓരോ ദിന | 3,4 | 6 മാസം | അധ്യാപകർ | പി.ടി.എ |

| | | | | | |
|---|---|---|---|---|---|
| | ങ്ങൾക്കുമുള്ള പോസ്റ്ററുകൾ നിർമ്മിക്കുന്നു. | | | | |
| അറബിക് ഭാഷ അനായാസ മായി കൈകാര്യം ചെയ്യുന്നതിനും സ്വതന്ത്ര രചന യിൽ ഏർപ്പെടു ന്നതിനും | • അറബിക്ഡേ<br>• മാഗസിൻ നിർമ്മാണം<br>• ചുമർചിത്രം<br>• ചിത്ര കഥാ രചന | 2-4 | വർഷം മുതൽ | അറബിക് അധ്യാപിക | പി.ടി. എ |

## കലാപഠനം

| ലക്ഷ്യം | പ്രവർത്തനം | ക്ലാസ് | കാലയ ളവ് | പിന്തുണ/ ചുമതല | സാമ്പ ത്തികം |
|---|---|---|---|---|---|
| കുട്ടികളുടെ നൈസർഗിക മായ കലാവാ സനകളെ തിരിച്ച റിഞ്ഞ്പരി പോഷിപ്പി ക്കുക | • ശിൽപകാല സംഘടി പ്പിക്കൽ<br>• പഠന പ്രവർത്തനങ്ങ ളുമായി ബന്ധപ്പെടു ത്തിയുള്ള പ്രവർത്ത നങ്ങൾ | 1-5<br>1-5 | ജൂൺ - മാർച്ച് | പി.ടി.എ<br>അധ്യാപകർ | പി.ടി.എ |
| വിവിധ കലക ളുടെ സാങ്കേ തികകാംശ ങ്ങൾ തിരിച്ച റിയുന്ന തിനും ഉപ യോഗപ്പെടു ത്തുന്നതിനും | • കലാകാരൻമാരുമായി അഭിമുഖം<br>• ICT സാധ്യത ഉപ യോഗിച്ച് വിവിധ കലാരൂപങ്ങളും കലാ കാരൻമാരെയും പരി ചയപ്പെടൽ<br>• ശേഖരണ പ്രവർത്തനം<br>• നാടകാവതരണം<br>• കൊറിയേഗ്രാഫി<br>• ചിത്രപ്രദർശനം<br>• പാവനാടകം<br>• നാടൻ പാട്ട് ശിൽപ ശാല<br>• കാവ്യോത്സവം | 3-5<br>1-5<br>‘‘<br>‘‘<br>‘‘ | വർഷം മുഴുവൻ | റിവേഴ്സ് പേഴ്സൺ പി.ടി.എ പൂർവ്വ വിദ്യാർത്ഥി കൾ | SSG<br>പി.ടി.എ |

| | | | | | |
|---|---|---|---|---|---|
| | • രചനോത്സവം<br>• പാട്ടരങ്ങ് | 3-5<br>1-5<br><br>1 | വർഷം മുഴുവൻ | | |